1

# സ്നേഹം, കൃപ, കരുണ, സ്നാനം

*"നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നെ, ക്രിസ്തു തക്ക സമയത്തു അഭക്തർക്കുവേണ്ടി മരിച്ചു. നീതിമാന്നുവേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം; ഗുണവാന്നുവേണ്ടി പക്ഷെ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ, നമുക്കു വേണ്ടി മരിക്കയാൽ, ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിച്ചു" (റോമർ 5:6-8).*

ദൈവത്തിന്റെ സ്നേഹം, കൃപ, കരുണ എന്നിവ ഇല്ലെങ്കിൽ നാം നിത്യ ശിക്ഷാവിധിയിൽ നശിച്ചുപോകുമായിരുന്നു. നമ്മുടെ രക്ഷക്കായി യോഗ്യത നേടുവാനോ, അല്ലെങ്കിൽ പാപമോചനത്തിനോ നമുക്കു ഒന്നും ചെയ്യുവാൻ സാധ്യമല്ല. ദൈവത്തിന്റെ സ്വഭാവവും പ്രവൃത്തികളും നമുക്കു രക്ഷ നല്കി.

### ദൈവത്തിന്റെ സ്നേഹം

"ദൈവം സ്നേഹം ആകുന്നു" എന്ന പ്രയോഗത്തിലൂടെ ദൈവത്തെ വിവരിച്ചിരിക്കുന്നതു കാണാം (1 യോഹന്നാൻ 4:8). നമ്മുടെ പാപങ്ങൾക്കുവേണ്ടി ദൈവം യേശുവിനെ മരിപ്പാൻ അയച്ചതു ദൈവത്തിനു നമ്മോടുള്ള സ്നേഹം നിമിത്തമാണ്. നാം ആരാണ് അല്ലെങ്കിൽ എന്താണ് എന്നു നോക്കിയല്ല, അല്ലെങ്കിൽ നമ്മുടെ സൽപ്രവൃത്തികളെ നോക്കിയുമല്ല, മറിച്ചു ദൈവം ആരാണ് എന്നുള്ളതുകൊണ്ടാണ്. നാം പാപികളും, പാപമോചനത്തിനു അയോഗ്യരും, ശിക്ഷ അനുഭവിക്കേണ്ടവരും ആയിരുന്നപ്പോൾ, ദൈവം നമുക്കുവേണ്ടി പ്രവർത്തിച്ചു:

> ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കു വേണ്ടി മരിക്കയാൽ, ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിച്ചു (റോമർ 5:8).
>
> "ദൈവം തന്റെ ഏകജാതനെ നല്കുവാന്തക്കവണ്ണം, ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16).
>
> നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു, തന്റെ

പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയ
ച്ചതു തന്നേ സാക്ഷാൽ സ്നേഹം ആകുന്നു (1 യോഹന്നാൻ 4:10).

അവന്റെ സ്നേഹത്തിനു നാം യോഗ്യരല്ലെങ്കിലും, ദൈവത്തിന്റെ സ്നേഹപ്രവൃത്തികളുടെ ഗുണം ലഭിക്കുവാൻ നാം അവന്റെ സ്നേഹത്തോടു പ്രതികരിക്കണം. നമ്മെ സ്നേഹിച്ചു സേവിക്കുവാൻ ദൈവത്തെ പ്രേരിപ്പിച്ചതു സ്നേഹമാണ്. നമുക്കു ദൈവത്തോടുള്ള സ്നേഹമാണ് നാം നമ്മെ അവന്നു കീഴ്പ്പെടുത്തുന്നത് (യോഹന്നാൻ 14:15, 21, 23). അവൻ ദുഷ്ടന്മാരെ ശ്രദ്ധിക്കാതെ നീതിമാന്മാരുടെ ഗുണത്തിനായി പ്രവർത്തിക്കുന്നു: "കർത്താവിന്റെ കണ്ണു നീതിമാന്മാരുടെ മേലും, അവന്റെ ചെവി അവരുടെ പ്രാർത്ഥനക്കും തുറന്നിരിക്കുന്നു, എന്നാൽ കർത്താവിന്റെ മുഖം ദുഷ്പ്രവൃത്തികൾക്കു പ്രതികൂലമായിരിക്കുന്നു" (1 പത്രൊസ് 3:12). ഇതു സത്യമാണ് കാരണം ദൈവം ദുഷ്ടതയെ ഇഷ്ടപ്പെടുന്നില്ല. അവൻ തന്റെ പുത്രനെ കുറിച്ചു പറഞ്ഞു, "നീ നീതിയെ ഇഷ്ടപ്പെടുകയും ദുഷ്ടതയെ ദ്വേഷിക്കയും ചെയ്തിരിക്കുന്നു" (എബ്രായർ 1:9). "നീതികേടു പ്രവർത്തിക്കുന്നവരെ ഒക്കെയും" അവൻ വെറുക്കുന്നു (സങ്കീർത്തനങ്ങൾ 5:5).

ദുഷ്പ്രവൃത്തിക്കാർ യേശുവിൽ ആശ്രയിക്കുകയോ ദൈവസ്നേഹത്തോടു പ്രതികരിക്കുകയോ ചെയ്യാതെ ദൈവകോപത്തിനിരയാകുന്നു. യോഹന്നാൻ 3:36 പറയുന്നു, "പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല, ദൈവ ക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളു." റോമർ 2:5-ൽ പൗലൊസു മുന്നറിയിക്കുന്നു, "എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപ ദിവസത്തേക്കു നിനക്കു തന്നേ കോപം ചരതിച്ചുവെക്കുന്നു." (കൂടാതെ റോമർ 1:18; എഫെസ്യർ 5:6; വെളിപ്പാട് 14:9, 10).

ദൈവത്തിന്റെ സ്നേഹവും കോപവും പരസ്പരവിരുദ്ധമല്ല, എന്നാൽ അവന്റെ കോപം സ്നേഹത്തിന്റെ ഫലമായി ഉണ്ടായതാണ്. നാം എങ്ങനെ ചില സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നു എന്ന ചിത്രീകരണം നോക്കി മനസ്സിലാക്കാം. ഒരു ഭാര്യ തന്റെ ഭർത്താവിനെ ആഴത്തിൽ സ്നേഹിക്കുന്നുവെങ്കിൽ അവൻ മറ്റൊരു സ്ത്രീയെ ആഗ്രഹിക്കുന്നതിൽ ക്ഷുഭിതയാകും. അവൾ തന്റെ ഭർത്താവിനെ ശരിക്കും സ്നേഹിക്കുന്നില്ലെങ്കിൽ, അവൻ എത്ര സ്ത്രീകളുടെ പുറകെ പോയാലും – അവൾക്ക് ഒരു കോപവുമുണ്ടാകയില്ല. ദൈവത്തിന്റെ തീക്ഷ്ണതക്കും കോപത്തിനും കാരണം അവന്റെ സ്നേഹമാണ് (പുറപ്പാട് 20:5; ആവർത്തനപുസ്തകം 4:24).

ദൈവസ്നേഹത്തിൽ എങ്ങനെ വസിക്കണം എന്നു യേശു നമുക്കു കാണിച്ചു തരികയും നമ്മോടു പറയുകയും ചെയ്തിട്ടുണ്ട്. അവൻ പറഞ്ഞു, "പിതാവു എന്നെ സ്നേഹിക്കുന്നതുപോലെ, ഞാനും നിങ്ങളെ സ്നേഹിക്കുന്നു; എന്റെ സ്നേഹത്തിൽ വസിപ്പിൻ. ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ച് അവന്റെ സ്നേഹത്തിൽ വസിക്കുന്നതു പോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹ

ത്തിൽ വസിക്കും" (യോഹന്നാൻ 15:9, 10).

ദൈവത്തിന്റെ സ്നേഹം നിബന്ധനയുള്ളതാണ്. *വിശ്വാസം, മാനസാന്തരം, ഏറ്റു പറച്ചൽ, സ്നാനം, എന്നിവ ആവശ്യപ്പെട്ടിരിക്കുന്നതു ദൈവമാണ്. അവൻ നമ്മെ രക്ഷിക്കുന്നതിനു മുൻപു നാം അവ നിവർത്തിയാക്കണം. രക്ഷിക്കപ്പെടുവാൻ അവനെ സ്നേഹിക്കുന്നതു കൊണ്ടാണ് നാം അങ്ങനെ ചെയ്യുന്നത്.* അവന്റെ സ്നേഹത്തിന്റെ ഗുണം ലഭിക്കുവാനാണ്, അല്ലാതെ അവന്റെ സ്നേഹത്തിന്റെ യോഗ്യത നേടുവാനല്ല, നാം ആവശ്യങ്ങൾ നിറവേറ്റുന്നത്. നമ്മുടെ ഒരു പ്രവൃത്തിയും ദൈവ സ്നേഹം ലഭിക്കുവാനുള്ള യോഗ്യതയാകുന്നില്ല; എങ്ങനെയായാലും, അവൻ നമുക്കു പ്രതിഫലം തരുന്നതിനു മുൻപു, നാം ആ ആവശ്യങ്ങൾ നിറവേറ്റണം, അതായതു നാം ദൈവം ആവശ്യപ്പെട്ടതിനു കീഴ്പ്പെടണം. "താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു" (എബ്രായർ 5:9).

## ദൈവത്തിന്റെ കൃപ

*ഗ്രീക്ക്* വാക്ക് *ചാരിസ്* (എബ്രായ.: *ഹെൻ*), മിക്കവാറും തർജ്ജിമ ചെയ്തിരിക്കുന്നത് "കൃപ," എന്നാണ് അതു പുതിയ നിയമത്തിൽ 155 പ്രാവശ്യം കാണുന്നു. ഈ വാക്കിൽ നിന്നാണ് നമുക്ക് "ചാം" എന്ന ഇംഗ്ലീഷ് വാക്കും തത്തുല്യമായവയും കിട്ടിയത്. ദൈവത്തിന്റെ ഈ സ്വഭാവത്തെ ആസ്പദമാക്കിയാണ് ദൈവം നമ്മുടെ രക്ഷ വെച്ചിരിക്കുന്നത്. *ദ ന്യൂ ഇന്റർനാഷണൽ ഡിക്ഷ്ണറി ഓഫ് ദ ബൈബിളിൽ* ഒരു ലേഖനം "കൃപ" എന്ന വാക്ക് നിർവ്വചിച്ചിരിക്കുന്നു:

> (1) ശരിയായി പറഞ്ഞാൽ, സന്തോഷം, സുഖം, ആനന്ദം, പ്രമോദം, സ്നേഹവും, മാധുര്യവും നല്കുന്നതാണ്; (2) ഔദാര്യമനസ്സു, സ്നേഹ-വായ്പ്പ്, കരുണ തുടങ്ങിയവ.; (3) ഒരു യജമാനന്നു തന്റെ ദാസനോടുള്ള ദയ. ദൃഷ്ടാന്തത്താൽ, കൃപ എന്നതു പ്രത്യേകമായി ദൈവം മനുഷ്യരോടു കാണിക്കുന്ന ദയയാണ് (ലൂക്കൊസ് 1:30). [പുതിയ നിയമ] എഴുത്തുകാർ, അവരുടെ വിവിധ ലേഖനങ്ങളുടെ അവസാനം, അവരുടെ വായനക്കാരിലേക്കു ദൈവ കൃപ പകരുമാറാകട്ടെ എന്ന് അടിക്കടി പറയുന്നുണ്ട് (റോമർ 16:20; ഫിലിപ്പിയർ 4:23; കൊലൊസ്യർ [1:2]; 1 തെസ്സലൊനിക്യർ 5:28). അതിനു പുറമെ, അർഹതയില്ലാത്തവരോടു കാണിക്കുന്ന ദയവിനു പലപ്പോഴും "കൃപ" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്: അതുകൊണ്ടു, അനർഹമായ ആനുകൂല്യം, പ്രത്യേകിച്ചു ദയവു അല്ലെങ്കിൽ ആനുകൂല്യം യേശു മുഖാന്തരം പാപികളോടു പ്രകടിപ്പിക്കുന്നതാണ് (എഫെസ്യർ 2:4–5). കൃപ, അതുകൊണ്ടു, വീണുപോയ മനുഷ്യരോടു, ദൈവം കാണിക്കുന്ന അനർഹമായ ഉപകാരമാണ് – ക്രിസ്തു നിമിത്തം – പിതാവിന്റെ ഏകജാതൻ, കൃപയും സത്യവും നിറഞ്ഞവനായി (യോഹന്നാൻ 1:14) – അവനെ മനുഷ്യന്റെ വീണ്ടെടുപ്പിനായി നല്കി.[1]

കൃപയുടെ പ്രാധാന്യം മറി കടന്നു പറയാവുന്നതല്ല. നാം പാപത്തിൽ കടപ്പെടുകയും, നമ്മുടെ പാപങ്ങൾക്കു കൊടുത്തു തീർപ്പാൻ നമ്മുടെ കയ്യിൽ ഒന്നുമില്ലാതിരിക്കയും ചെയ്തു. കടത്തിന്റെ വലുപ്പം, വ്യത്യാസം ഒന്നും വരുത്തുന്നില്ല. ഒരാൾ പതിനായിരം രൂപ കടപ്പെട്ടാലും, മറ്റൊരാൾ ഒരു രൂപ കടപ്പെട്ടാലും, രണ്ടുപേർക്കും കൊടുത്തു തീർപ്പാൻ കഴിയുമായിരുന്നില്ല, രണ്ടുപേരും കടത്തിൽ തന്നെ ആയിരുന്നു. ക്രിസ്തുവിന്റെ രക്തമില്ലെങ്കിൽ, എല്ലാവരും പാപികളും (റോമർ 3:9, 10, 23), മരണത്തിനു ഇരയാകേണ്ടവരും (റോമർ 6:23; യാക്കൊബ് 1:15) നമ്മുടെ പാപങ്ങൾക്കു മറുവില കൊടുപ്പാൻ നമ്മുടേതായ ഒന്നുമില്ലാതിരിക്കയും ചെയ്തു.

ഒരു രൂപ കടപ്പെട്ടിരുന്നയാൾക്കും പതിനായിരം രൂപ കടപ്പെട്ടിരുന്ന ആൾക്കും കടം ക്ഷമിച്ചു കിട്ടിയപ്പോൾ രണ്ടുപേരും തുല്യമായി സ്വതന്ത്രരായി. ഒരു പാപം ക്ഷമിച്ചു കിട്ടിയ ആളും അനേകം പാപങ്ങൾ മോചിച്ചു കിട്ടിയ ആളും രണ്ടുപേരും തുല്യമായി പാപങ്ങൾ മോചിക്കപ്പെടുകയും സ്വതന്ത്രരാകുകയും ചെയ്തു. പാപിയായൊരു സ്ത്രീയുമായി സംസാരിച്ചതിനു, യേശുവിനെ പരീശന്മാർ വിമർശിച്ചപ്പോൾ, അവൻ പ്രതികരിച്ചു, "... ആകയാൽ, ഇവളുടെ അനേക പാപങ്ങൾ, മോചിച്ചിരിക്കുന്നു എന്നു, ഞാൻ നിന്നോടു പറയുന്നു, അവൾ വളരെ സ്നേഹിച്ചുവല്ലൊ; അല്പം മോചിച്ചു കിട്ടിയവൻ, അല്പം സ്നേഹിക്കുന്നു" (ലൂക്കൊസ് 7:47). ഇതാണ് ദൈവകൃപയുടെ മാഹാത്മ്യം.

കൃപ, നിറഞ്ഞവനായ യേശു (യോഹന്നാൻ 1:14), നമുക്കുവേണ്ടി കൃപ നല്കി (യോഹന്നാൻ 1:16). മനുഷ്യന്റെ എല്ലാ പ്രവൃത്തികൾക്കും പാപത്തിന്റെ ഒരു കറ പോലും നീക്കം ചെയ്യുവാൻ സാധ്യമല്ല (എഫെസ്യർ 2:8). മോശെയുടെ ന്യായപ്രമാണത്തിനും (യോഹന്നാൻ 1:17) പാപം നീക്കുവാൻ കഴിയുകയില്ല, കാരണം അതിൽ കൃപ ലഭ്യമല്ല (ഗലാത്യർ 5:4). പൗലൊസ് എഴുതി, "ഞാൻ ദൈവത്തിന്റെ കൃപ വ്യഥാവാക്കുന്നില്ല, ന്യായപ്രമാണത്താൽ നീതി വരുന്നു എങ്കിൽ, ക്രിസ്തു മരിച്ചതു വെറുതെയല്ലോ" (ഗലാത്യർ 2:21).

"ക്രിസ്തുയേശു മുഖാന്തരം അവന്റെ കൃപയാൽ വീണ്ടെടുക്കുന്നതുകൊണ്ടാണ്" നമുക്കു നീതിയും രക്ഷയും ലഭിക്കുന്നത് (റോമർ 3:24). നാം വായിക്കുന്നു,

> നിങ്ങൾ ന്യായപ്രമാണത്തിന്നല്ല കൃപക്കത്രേ അധീനരാകയാൽ, പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലൊ (റോമർ 6:14).

> കൃപയാൽ എങ്കിൽ പ്രവൃത്തിയാലല്ല; അല്ലെങ്കിൽ കൃപ കൃപയല്ല (റോമർ 11:6).

> കൃപയാലല്ലൊ, നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു; ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല (എഫെസ്യർ 2:8, 9).

രക്ഷ ലഭിക്കുന്നതു നമ്മുടെ പ്രവൃത്തികളാലല്ല, ദൈവത്തിന്റെ പ്രവൃത്തികളാലാണ്.

എന്നാൽ ദൈവത്തിന്റെ കൃപ, അവന്റെ അനർഹമായ ഉപകാരം, എല്ലാവർക്കും ലഭ്യമാണ് (തീത്തൊസ് 2:11), പക്ഷെ എല്ലാവരും അതു സ്വീകരിക്കുന്നില്ല. കൃപ യേശുക്രിസ്തു മുഖാന്തരം ലഭിക്കുന്നതിനാൽ (യോഹന്നാൻ 1:17; റോമർ 5:15), അവനെ കൈക്കൊള്ളാത്തവർ (യോഹന്നാൻ 1:11; 12:48) ദൈവത്തിന്റെ കൃപയെ ത്യജിച്ചുകളയുന്നു. ദൈവകൃപയാൽ, നമ്മുടെ പാപങ്ങൾക്കു വേണ്ടി വിലയായി രക്തം കൊടുത്തതു യേശുക്രിസ്തുവാണ് (പ്രവൃത്തികൾ 20:28; എബ്രായർ 9:14; 10:19, 20; 1 പത്രൊസ് 1:17–19). അതുകൊണ്ടു, അവൻ തന്റെ നിബന്ധനകളാൽ ആരെ തിരഞ്ഞെടുക്കുന്നുവോ അവർക്കു പാപമോചനം നല്കുവാൻ അവനാണ് അവകാശം ഉള്ളത് (എബ്രായർ 5:9).

റോമർ 6ൽ പൗലൊസ് ചോദിക്കുന്നു, “ആകയാൽ കൃപ പെരുകേണ്ടതിന്നു പാപം ചെയ്തു കൊണ്ടിരിക്ക എന്നോ?”; “പാപസംബന്ധമായി മരിച്ചവരായിരുന്ന നാം ഇനി അതിൽ ജീവിക്കുന്നതെങ്ങനെ?” (വാക്യങ്ങൾ 1, 2). നാം കൃപയിലേക്കു പ്രവേശിക്കുമ്പോൾ നാം പാപസംബന്ധമായി മരിക്കയും പാപം ചെയ്യുന്നതു നിർത്തുകയും ചെയ്യണം. ഇതു സംഭവിക്കുന്നതു എപ്പോഴാണെന്നു പൗലൊസ് മറ്റൊരു ചോദ്യത്തിലൂടെ വ്യക്തമാക്കുന്നു: “അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?” (വാക്യം 3). അവൻ പിന്നെ എഴുതി, “അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു, ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ” (വാക്യം 4).

നാം സ്നാനമേല്ക്കുമ്പോൾ കൃപയിലേക്കു പ്രവേശിക്കുന്നു എന്നാണ് പൗലൊസിന്റെ വാക്കുകൾ വ്യക്തമാക്കുന്നത്. യേശുവിനോടു ചേരുവാൻ നാം സ്നാനം ഏല്ക്കുമ്പോൾ (റോമർ 6:3), നമുക്കു ദൈവകൃപ ലഭിക്കുന്നു, അതു യേശുവിലാണുള്ളത്, അതു എഫെസ്യർ 1:7 ലും 2 തിമൊഥെയൊസ് 2:1 ലും കാണാം. സ്നാനം കൃപയിലേക്കു നമ്മെ പ്രവേശിപ്പിക്കുന്നു എന്നു ഈ വേദഭാഗങ്ങൾ സൂചിപ്പിക്കുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കാത്തവർ ക്രിസ്തുവിനു പുറത്താണ്, അവർ ക്രിസ്തുവിൽ നിന്നു വേറിട്ടവരാണ് (എഫെസ്യർ 2:12, 13), കൃപയില്ലാത്തവരും (ഗലാത്യർ 5:4) കൃപ ക്രിസ്തുവിലാണ്. *സ്നാനത്തിൽ നാം കൃപ നേടി എടുക്കുകയല്ല, ഒരാൾ കൃപയിലേക്കു പ്രവേശിക്കുന്നതു വിശ്വാസത്താൽ, സ്നാനം ഏല്ക്കുമ്പോഴാണ്.* നാം പാപത്തിൽ തുടർന്നു ജീവിച്ചാൽ അവന്റെ കൃപ നമ്മിൽ അടിച്ചേല്പിക്കും എന്നു കരുതരുത്. “മനപ്പൂർവ്വം പാപം ചെയ്തുകൊണ്ടിരിക്കുന്നവർ” “വിശുദ്ധീകരിക്കപ്പെട്ടവർ” ആയതുകൊണ്ട് “കൃപയുടെ ആത്മാവിനെ” നിന്ദിക്കുകയാണ് ചെയ്യുന്നത്. എബ്രായർ 10:26–29 പറയുന്നു,

സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം, നാം മനപ്പൂർവ്വം

പാപം ചെയ്താൽ, പാപങ്ങൾക്കു വേണ്ടി ഒരു യാഗവും ശേഷിക്കാതെ ന്യായവിധിക്കായി ഭയങ്കരമായൊരു പ്രതീക്ഷയും എതിരാളികളെ ദഹിപ്പിപ്പാനുള്ള ക്രോധാഗ്നിയുമേയുള്ളൂ. മോശെയുടെ ന്യായപ്രമാണം അനുസരിക്കാത്തവന്നു കരുണ കൂടാതെ രണ്ടു മൂന്നു സാക്ഷികളുടെ വാമൊഴി കേട്ടു മരണശിക്ഷ കല്പിക്കുന്നുവല്ലോ. ദൈവപുത്രനെ ചവുട്ടിക്കളകയും, തന്നെ വിശുദ്ധീകരിച്ച നിയമ രക്തത്തെ മലിനം എന്നു നിരൂപിക്കയും ,കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷക്കു പാത്രമാകും?

## ദൈവത്തിന്റെ കരുണ

"കരുണ" (ഗ്രീക്ക്.: ക്രിയ - *എലീയോ*; നാമം - *എലെയോസ്*) അർത്ഥം "ക്ഷമ, ശിക്ഷ നടപ്പാക്കുന്നതിൽ നിന്നും [നിയന്ത്രിക്കുക], അതായത് നിയമം ലംഘിക്കുന്നവനെ ശിക്ഷിക്കുന്നതിൽ നിയന്ത്രിക്കുക; താരതമ്യം ചെയ്തിരിക്കുന്നതു ഒരാൾ ബലഹീനനെയും, രോഗിയെയും, ദരിദ്രനെയും സഹായിക്കുന്നതുമായിട്ടാണ്."[2] അതു കടം വാങ്ങിയതു തിരിച്ചു കൊടുക്കാതിരിക്കുന്നതും ഉൾപ്പെടുന്നു (മത്തായി 18:33). കൃപയിൽ കരുണയും ഉൾപ്പെടുന്നുണ്ടെങ്കിലും കൃപ കരുണക്കപ്പുറം പോകുന്നതാണ്. തെറ്റിനെ ശിക്ഷിക്കാതെ നിന്ത്രിക്കുന്നതാണ് കരുണയും കൃപയും; എങ്ങനെയായാലും, കൃപ അതിലും കവിയുന്നതും, തെറ്റു ചെയ്തയാൾക്കു സഹായം ചെയ്യുന്നതുമാണ്.

ഭവനമില്ലാത്ത ഒരാൾ മനപ്പൂർവ്വമായി വേറൊരാളുടെ വീടിനു കേടു വരുത്തിയാൽ, വീട്ടുടമസ്ഥൻ അയാളെ ശിക്ഷിക്കും / അല്ലെങ്കിൽ കേടു വരുത്തിയതിനു നഷ്ടം ഈടാക്കും. ഉടമസ്ഥൻ ആ കേടു വരുത്തിയതിനു പിഴയോ അല്ലെങ്കിൽ ശിക്ഷയോ നല്കുന്നില്ലെങ്കിൽ, ഉടമസ്ഥൻ അയാളോടു കരുണ കാണിക്കുകയാണ്. ഉടമസ്ഥൻ വീടു കേടുവരുത്തിയ ആളോടു ക്ഷമിക്കയും, അയാളെ അവിടെ വീണ്ടും താമസിപ്പിക്കയും ചെയ്യുന്നുവെങ്കിൽ, അത് ഒരു കൃപാ പ്രവൃത്തിയാണ്.

തന്റെ ഇഷ്ടം അനുസരിക്കുന്നവർക്കു, ദൈവം പാപമോചനവും ശിക്ഷയിൽ നിന്നുള്ള വിടുതലും ഏർപ്പെടുത്തിയിട്ടുണ്ട്. അവന്റെ കൃപ കാരണം, അവൻ സ്വർഗ്ഗത്തിൽ നിത്യജീവൻ നല്കുന്നു. ദൈവത്തിന്റെ കരുണയാണ് പാപിയെ ശിക്ഷിക്കാതിരിക്കുന്നത്, അനർഹമായ അനുഗ്രഹങ്ങൾ നല്കുവാൻ ദൈവത്തെ പ്രേരിപ്പിക്കുന്നത് അവന്റെ കൃപ നിമിത്തമാണ്.

"ദൈവം എല്ലാവരോടും കരുണ ചെയ്യേണ്ടതിന്നു എല്ലാവരേയും അനുസരണക്കേടിൽ അടച്ചുകളഞ്ഞു" (റോമർ 11:32; എൻഐവി). മുൻപു അനുസരണക്കേടിലായിരുന്ന പാപികൾ അനുസരിക്കുമ്പോൾ പാപമോചനം ലഭിക്കുന്നത് കരുണയാൽ ആണ്. കരുണ ലഭിച്ച പാപികളിൽ ഒന്നാമൻ ആയിരുന്നു താൻ എന്നു പൗലൊസ് സമ്മതിച്ചിട്ടുണ്ട് (1 തിമൊഥെയൊസ് 1:15, 16). ദമസ്ക്കസ് പട്ടണത്തിൽ വെച്ചാണ് ദൈവത്തിന്റെ പാപമോചനവും കരുണയും എന്തെന്നു പൗലൊസിനു മനസ്സിലായത്. അനന്യാസ് ശൗലിനോടു പറഞ്ഞു, "ഇനി താമസിക്കുന്നത് എന്ത്? എഴുന്നേറ്റ്

അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു, സ്നാനം ഏറ്റു, നിന്റെ പാപങ്ങളെ കഴുകികളക" (പ്രവൃത്തികൾ 22:16). *പൗലൊസ് സ്നാനം ഏറ്റപ്പോൾ, അവൻ ദൈവത്തിന്റെ കരുണ നേടിയില്ല; എന്നാൽ ദൈവത്തിന്റെ കൃപയാലും കരുണയാലും ലഭിക്കുന്ന പാപമോചനത്തിലേക്കു പ്രവേശിക്കയാണ് ചെയ്തതു.*

**ചുരുക്കം**

നാം പാപികൾ ആയിരുന്നിട്ടും, ദൈവത്തിനു നമ്മെ സഹായിക്കുവാൻ തോന്നിയതു, അവന്റെ സ്നേഹം, കരുണ, കൃപ എന്നിവ നിമിത്തമാണ്. അത്തരം അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ നമുക്കു യാതൊരു അർഹതയുമില്ലായിരുന്നു; എങ്ങനെയായാലും, അവയെ ലഭിക്കുവാൻ നാം ദൈവത്തെ അനുസരിക്കണം. വിശ്വാസം, മാനസാന്തരം, ഏറ്റുപറച്ചൽ, സ്നാനം എന്നിവ ദൈവത്തിന്റെ അനുഗ്രഹങ്ങൾ പ്രാപിക്കുവാനുള്ള യോഗ്യതകൾ അല്ല; മറിച്ചു, അവ ദൈവത്തിന്റെ കൃപയാലും കരുണയാലും വാഗ്ദാനം ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾക്കു ആവശ്യപ്പെട്ടിരിക്കുന്ന നിബന്ധനകളാണ്.

---

കുറിപ്പുകൾ

[1]ജെ. ഡി. ഡഗ്ളസും മെറിൽ സി. ടെന്നെയും എഡ്സ്., "കരുണ," ഇൻ *ദ ന്യൂ ഇന്റർനാഷ്ണൽ ഡിക്ഷ്ണറി ഓഫ് ദ ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: റീജെൻസി റെഫറൻസ് ലൈബ്രറി, സോണ്ടർവാൻ പബ്ളിഷിങ് ഹൗസ്, 1987), 401. [2]ജെ. ഡി. ഡഗ്ളസും മെറിൽ സി. ടെന്നെയും എഡ്സ്., "കരുണ," ഇൻ *ദ ന്യൂ ഇന്റർനാഷ്ണൽ ഡിക്ഷ്ണറി ഓഫ് ദ ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: റീജെൻസി റെഫറൻസ് ലൈബ്രറി, സോണ്ടർവാൻ പബ്ളിഷിങ് ഹൗസ്, 1987), 641.

© 2009 Truth for Today